(ബി) സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണ യോഗ്യമെന്ന് കണ്ട് പ്രസിദ്ധീകരിക്കുവാൻ തെരഞ്ഞെടുത്ത കൃതികൾ യഥാസമയം പ്രസിദ്ധീകരിക്കാത്തതുമൂലം ഗ്രന്ഥകർത്താക്കൾക്ക് ഉണ്ടാകാവുന്ന നഷ്ടം ഏതു വിധത്തിലാണ് പരിഹരിക്കുന്നത് എന്നു വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ നഷ്ട പരിഹാരം നൽകിയ എത്ര കേസുകൾ ഉണ്ടെന്നും ഇതിനായി എത്ര തുക നൽകേണ്ടി വന്നുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സാഹിത്യ അക്കാദമി ഏറ്റെടുത്ത് പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി അയച്ച പട്ടികയിൽ അവശേഷിക്കുന്നത് ഇടമന നാരായണൻപോറ്റി വിവർത്തനം ചെയ്ത 'ആവിമാരകം - സ്വപ്നവാസവദത്തം' എന്നീ രണ്ട് കൃതികൾ മാത്രമാണ്. ഈ രണ്ട് കൃതികളുടെയും ഫോട്ടോകോപ്പിയാണ് . ലഭിച്ചത്. കമ്പോസിംഗ് ജോലികൾ യഥാസമയം നിർവ്വഹിക്കാൻ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ സ്ലിപ്റ്റ് ഫോട്ടോകോപ്പിയായതിനാൽ ചില പേജുകൾ ഇല്ലായിരുന്നു. ചിലത് അവ്യക്തവുമായിരുന്നു. അരനൂറ്റാണ്ട് മുമ്പ് പ്രസിദ്ധീകരിച്ച കൃതിയാണിത്. വളരെ പഴയ മലയാളശൈലിയിലുള്ള പുസ്തകവും വളരെ തെളിച്ചമില്ലാത്ത ഫോട്ടോ കോപ്പിയുമായിരുന്നു. ആയതിനാൽ ജോലികൾ നിർത്തിവയ്ക്കാൻ നിർബന്ധിതരായി. ഇപ്പോൾ നിലവിലുള്ള രണ്ട് സ്ലിപ്റ്റുകളും വീണ്ടും കമ്പോസ് ചെയ്ത് സാധ്യമായവിധം അതിവേഗത്തിൽ അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഗ്രന്ഥകാരന് നഷ്ടം സംഭവിക്കുന്ന സാഹചര്യങ്ങൾ ഇതുവരെ ഉണ്ടായതായി കാണുന്നില്ല. അതുകൊണ്ട് നഷ്ടപരിഹാരം കണ്ടെത്തേണ്ടതായി വന്നിട്ടില്ല.

മാവേലിക്കര മണ്ഡലത്തിൽ ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിന്

97 (3064) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ ബുദ്ധസ്മാരകം നിലകൊള്ളുന്ന പ്രദേശം മുതൽ മിച്ചൽ ജംഗ്ഷൻ വരെയുള്ള ഭാഗം ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിൽനിന്നും ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബുദ്ധ ജംഗ്ഷൻ- ശ്രീകൃഷ്ണസ്വാമി ക്ഷേത്ര റോഡിൽ ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിനും ബുദ്ധ സ്തൂപത്തിനു ചുറ്റും പുന്തോട്ടം നിർമ്മിച്ച് മനോഹരമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പൊതുസ്ഥലങ്ങളിൽ ഇലക്ട്രിക് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിൽ ഇല്ല.

(ബി) മാവേലിക്കര മണ്ഡലത്തിലെ ബുദ്ധസ്മാരകത്തിന് ചുറ്റുമുള്ള പുരാവസ്തു വകുപ്പിന്റെ അധികാര പരിധിയിലുള്ള പ്രദേശം കരിങ്കല്ലുകൾ പാകി സംരക്ഷിക്കുന്നതാണ്.

അമ്പലപ്പുഴ സഹോദരന്മാർക്ക് സ്മാരകം

98 (3065) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'അമ്പലപ്പുഴ സഹോദരൻമാർ' എന്നറിയപ്പെടുന്ന നാദസ്വര വിദ്വാൻമാർക്ക് സ്മാരകം നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

ആറ്റിങ്ങൽ കൊട്ടാരങ്ങളുടെ നവീകരണം

99 (3066) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15-ൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽപ്പെടുന്ന പ്രദേശത്തെ ഏതെല്ലാം കൊട്ടാരങ്ങൾ നവീകരിക്കാൻ തുക അനുവദിച്ചിട്ടുണ്ടെന്നും നവീകരണ പ്രവർത്തനത്തിന്റെ മേൽനോട്ടം ഏത് ഏജൻസിക്കാണെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly